പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2094 26.03.2013 -ൽ മറുപടിക്ക്

കെ.എസ്.ആർ.ടി.സി. യുടെ ഫെബ്രുവരി മാസത്തെ വരവുചെലവുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. ദിവാകരൻ<br>" മുല്ലക്കര രത്നാകരൻ<br>ശ്രീമതി. ഗീതാ ഗോപി<br>ശ്രീ. ജി. എസ്. ജയലാൽ | | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) | |

| | | | |
|---|---|---|---|
| (എ) | കേരള സംസ്ഥാന റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷന്റെ ഫെബ്രുവരി മാസത്തെ മൊത്തം വരുമാനമെത്ര; | (എ) | 123.73 കോടി രൂപയാണ് കെ.എസ്.ആർ. ടി.സി.യുടെ ഫെബ്രുവരി മാസത്തെ മൊത്തം വരുമാനം. |
| (ബി) | ഡീസൽവിലയുൾപ്പെടെ പ്രസ്തുത മാസത്തെ ശരാശരി ചെലവ് എത്ര രൂപ; | (ബി) | ഡീസൽ വില ഉൾപ്പടെ കെ.എസ്.ആർ.ടി.സി.യുടെ ഫെബ്രുവരി മാസത്തെ ചെലവ് 220.12 കോടി രൂപയാണ്. |
| (സി) | ഫെബ്രുവരി മാസത്തെ നഷ്ടം നികത്തുന്നതിന് സർക്കാരിൽ നിന്നും എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടെങ്കിൽ എത്ര; | (സി) | ഡീസൽ വില വർദ്ധനവുമൂലമുണ്ടായ പ്രതിസന്ധി തരണം ചെയ്യുന്നതിനായി ഫെബ്രുവരി മാസം 14 കോടി രൂപ സർക്കാർ സഹായമായി ലഭ്യമായിട്ടുണ്ട്. |
| (ഡി) | കെ.എസ്.ആർ.റ്റി.സി. യിൽ നിന്നും വിരമിക്കുന്നവർക്ക് ആനുകൂല്യങ്ങൾ യഥാസമയം നൽകാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ, എത്ര പേർക്ക് ഈ ആനുകൂല്യങ്ങൾ നൽകാൻ ബാക്കിയുണ്ടെന്നു വ്യക്തമാക്കുമോ; | (ഡി) | കെ.എസ്.ആർ.ടി.സി. യുടെ ദിവസ വരുമാനത്തിന്റെ 10% ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം മാറ്റി വയ്ക്കുന്നതിൽ നിന്നും പെൻഷൻ ആനുകൂല്യങ്ങളായ ഗ്രാറ്റുവിറ്റി, കമ്മ്യൂട്ടേഷൻ എന്നിവ നൽകാൻ കഴിയുന്നുണ്ട്. സമീപ കാലത്ത് പെൻഷൻ പറ്റിയ ഉദ്ദേശം 400 പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ഇ) | അപകടത്തിൽപ്പെട്ടവർക്കുള്ള നഷ്ടപരിഹാരത്തിനായുള്ള എത്ര അപേക്ഷകൾ തീർപ്പാകാതെ കിടക്കുന്നുണ്ട്; തീർപ്പാക്കിയതിൽ എത്ര തുക കൊടുത്തുതീർക്കാനുണ്ട്? | (ഇ) | 19.12.2012 വരെയുള്ള കണക്കുപ്രകാരം അപകടത്തിൽപെട്ടവർക്കുള്ള നഷ്ടപരിഹാരത്തിനായുള്ള 9,326 അപേക്ഷകൾ തീർപ്പാക്കാതെ കിടക്കുന്നുണ്ട്. തീർപ്പാക്കിയ 3,737 കേസ്സുകളിലായി 23.78 കോടി രൂപയും അതിന്റെ പലിശയും കൊടുത്തു തീർക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ